കാലിക്കറ്റ് സർവകലാശാല

**രണ്ടാം സെമസ്റ്റർ**

കോമൺ കോഴ്സ്

ബിഎ /ബിഎസ് സി /ബിടിടിഎം /സൈക്കോളജി

**മലയാള സാഹിത്യം– 2**

MAL2 A 08 (1)

പഠന സമയം 64 മണിക്കൂർ

ക്രെഡിറ്റ് – 4

**പഠനക്കുറിപ്പുകൾ**

തയ്യാറാക്കിയത് :

**രസിത കാവുങ്ങൽ**

അസിസ്റ്റന്റ് പ്രൊഫസർ

മലയാള വിഭാഗം

**സി പി എ കോളേജ് ഓഫ് ഗ്ലോബൽ സ്റ്റഡീസ്**

പുത്തനത്താണി.

CPA COLLEGE OF GLOBAL STUDIES

**ഉദ്ദേശലക്ഷ്യങ്ങൾ:**

ബിരുധ വിദ്യാർത്ഥികൾക്ക് ആധുനിക കവിതകൾ വിമർശനങ്ങൾ നിരൂപണങ്ങൾ തുടങ്ങിയവയിൽ സാഹിത്യ അഭിരുചി വളർത്തിയെടുക്കുകയും സാമാന്യ ധാരണ നിരീക്ഷണ പാടവം ഇവ വളർത്തിയെടുക്കുകയും ചെയ്യുക.

**മൊഡ്യൂൾ - 1**

**കവിതകൾ**

1. നളിനി – കുമാരനാശാൻ
2. സൂര്യകാന്തി – ജി ശങ്കരക്കുറുപ്പ്
3. മണിനാദം - ഇടപ്പള്ളി രാഘവൻ പിള്ള

**മൊസ്യൂൾ - 2**

**കവിതകൾ**

1. കലോപാസകൻ - അക്കിത്തം
2. കുതിരക്കൊമ്പ് – അയ്യപ്പപ്പണിക്കർ
3. പുത്തൻ ചൊല്ല് - ആറ്റൂർ രവിവർമ്മ
4. അമ്മയെ കുളിപ്പിക്കുമ്പോൾ - സാവിത്രി രാജീവൻ.

**മൊഡ്യൂൾ-3 & 4**

**വിമർശനം / നിരൂപണം.**

1. അംബ - കുട്ടികൃഷ്ണമാരാർ
2. കാളിദാസനും കാലത്തിന്റെ ദാസനും - ജോസഫ് മുണ്ടശ്ശേരി
3. മരണത്തിന്റെ സൗന്ദര്യം - കെ പി അപ്പൻ
4. സ്ത്രീയില്ലാത്ത മാതൃഭൂമി – കല്പറ്റ നാരായണൻ
5. എഴുത്തും അധികാരവും - പി കെ രാജശേഖരൻ .

# 1.നളിനി

## കുമാരനാശാൻ

- 1908 ൽ എഴുതി 1911 ൽ പ്രസിദ്ധീകരിച്ച ആശാന്റെ കവിതയാണ് നളിനി.
- വ്യത്യസ്തമായ പ്രണയമാണ് ഇതിൽ ഉള്ളത്.
- ഒരു സ്നേഹം എന്ന പേര് ഈ കവിതക്ക് ഉണ്ട്.
- മാംസ നിമ്പദ്ധമല്ല രാഗം എന്ന് ഈ കാവ്യത്തിലൂടെ ആശാൻ വ്യക്തമാക്കുന്നു.
- 173 ശ്ലോകങ്ങൾ ആണ് ഇതിൽ ഉള്ളത്.
- പ്രണയ നായികയുടെ പേര് തന്നെയാണ് കാവ്യത്തിന് നൽകിയത്.
- ആദ്യ ഭാഗം ഒന്ന് മുതൽ മുപ്പത്തി ആറ് വരെയുള്ള ശ്ലോകമാണ് ഇവിടെ തന്നിരിക്കുന്നത്.
- ഏറെ വർഷങ്ങൾക്ക് മുമ്പുള്ള ഒരു പ്രഭാത സമയം മനോഹരമായ ഹിമാലയ പശ്ചാത്തലത്തിൽ കാവ്യഭാഗം ആരംഭിക്കുന്നു.
- ഏകാഗ്രതയും വിശുദ്ധിയും നിറഞ്ഞതാണ് ഹിമാലയം.
- ഈ പ്രകൃതിക്ക് സാത്വിക പ്രഭാവം ഉണ്ട്.
- അവിടെ ഉദയ സൂര്യനെ പോലെ ഉജ്ജ്വല പ്രഭാവം ഉള്ള ഒരു യുവസന്യാസി വന്ന് നിന്നു.




- നീണ്ട് ജഡ പിടിച്ച മുടിയും വളർന്ന് നിൽക്കുന്ന നഖങ്ങളും ദേഹമാസകലം ഭസ്മം പൂശി മുക്കാലോളം നഗ്നമായ ശരീരത്തോടെയാണ് ആ യോഗി നിൽക്കുന്നത്.
- വളരെ കാലമായി തപസ്സ് ചെയ്യുന്നവർക്കാണ് അങ്ങനെ രൂപം ഉണ്ടാകുന്നത്.
- നല്ലൊരു താപസ്സ യോഗിയാണ് ദിവാകരയോഗി എന്നർത്ഥം.

- ചൂട് തണുപ്പ് തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളെ അതിജീവിച്ച് ഭയം എന്തെന്നറിയാത്തവനായി എല്ലാറ്റിനോടും കാര്യണ്യം ചൊരിഞ്ഞ് അയാൾ ജീവിച്ചു.
- ആ മുഖത്തെ പ്രസന്നതയും കാന്തിയും അത് വിളിച്ച് പറയുന്നുണ്ട്.
- മനസ്സിനെ കീഴടക്കിയ ആ യോഗി ചക്രവർത്തിയെ പോലെയും കളിക്കോപ്പ് എടുത്ത് കളിക്കുന്ന കുട്ടിയെ പോലെയും ആണ്.
- പർവത മുകളിൽ നിന്ന് താഴെ പ്രകൃതി ഭംഗി ആസ്വദിക്കുന്ന അയാളെ ആകാശത്തിൽ കൂട് അന്വേഷിച്ച് പറക്കുന്ന പറയായി കവി ചിത്രീകരിച്ചു.
- സൗന്ദര്യ ആസ്വാദനം സന്യാസികൾക്ക് ചേർന്നതല്ല ആ യോഗി അവിടെ ചിന്താകുലനാകുന്നുണ്ട്.
- മറുഭാഗത്ത് നളിനിയെ കാണാം.
- പൊയ്കയിൽ കുളിച്ച് ഈറനോടെ ഉഷ:സന്ധ്യ പോലെ മനോഹരിയായി നളിനി നൽക്കുന്നു.
- മരങ്ങളുടെ മറവ് ഇരുവരെയും കാണുന്നതിൽ നിന്ന് തടഞ്ഞു.
- താപസ ജീവിതം നളിനിയിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.
- വാകപൂക്കളെ പോലെ നളിനി പെട്ടെന്ന് ഞെട്ടുന്നു.



- ആ മുഖം വിളറിയത് മനസ്സിലെ ഉത്കണ്ഠ കൊണ്ടാകാം.
- അവളുടെ ഇടത്തേ കൈ തുടിക്കുന്നുണ്ട്. ഇത് ശുഭലക്ഷണമാണ്.
- നാഗരിക സുന്ദരിയായവൾ കുറ്റിച്ചെടികളിൽ നിന്ന് മികവുറ്റവളായി കാണും.
- പിച്ചക വള്ളികാട്ടിൽ പടർന്നാൽ കാട്ടുവള്ളികൾക്കൊപ്പം എത്തില്ല.
- കാമുകനെ അന്വേഷിച്ച് വീട് വിട്ടിറങ്ങിയവളാണ് നളിനി.

- ദു:ഖം സഹിക്കാൻ കഴിയാതെ അവളുടെ മാതാപിതാക്കൾ ആത്മഹത്യ ചെയ്തു.
- ദിവാകരനും നളിനിയും കളികൂട്ടുക്കാരായിരുന്നു. പക്ഷേ അവർ കൗമാരത്തിൽ അകലുന്നു.
- ഭൗതിക ജീവിതം വിട്ട് ദിവാകരൻ സന്യാസിയായി. നളിനിയുടെ മനസ്സിൽ ആ ബന്ധം പ്രണയമായി തുടർന്നു.
- അങ്ങനെ കാട്ടിലെത്തിയ നളിനി പൊയ്കയിൽ ചാടി ആത്മഹത്യക്ക് ശ്രമിച്ചു.
- ഒരു താപസ്സിനി അവളെ രക്ഷിച്ച് ആശ്രമത്തിലെത്തിച്ചു.
- അങ്ങനെയാണ് നളിനി താപസ്സ ജീവിതത്തിലെത്തിയത്.
- എന്നാലും അവളുടെ മനസ്സ് മാറിയിരുന്നില്ല.
- ഒരു സന്യാസത്തിനും അവളുടെ മനസ്സിലെ ദു:ഖത്തെ മാറ്റാൻ കഴിഞ്ഞിട്ടില്ല.
- യാദൃശ്ചികമായി അവൾ ആ കാട്ടിൽ ദിവാകരനെ കണ്ടു.
- കുറച്ച് നേരം അവർ നോക്കി നിൽക്കുന്നുണ്ട്.മനസ്സ് പഴയ കാല ഓർമ്മകളിലേക്ക് സഞ്ചരിച്ചു.
- തിരികെ പോകാനാരംഭിച്ച ദിവാകരനെ തടഞ്ഞ് കാൽക്കൽ വീണ് നളിനി പ്രണയം തുറന്ന് പറഞ്ഞു.
- ദിവാകരയോഗിക്ക് അത് സ്വീകരിക്കാനായില്ല.
- നളിനി അയാളിലേക്ക് വീഴുന്നതോടെ അവളുടെ ആത്മാവിനെ യോഗി സ്വീകരിക്കുകയാണ്.
- അവളുടെ ഭൗതികശരീരം അവിടെ സംസ്കരിക്കുകയും ചെയ്തു.
- തുടർന്ന് സദ്പ്രവൃത്തികൾ ചെയ്ത് ജീവിച്ച യോഗി മരണത്തെ വരിക്കുകയാണ്.

…………………………………………………………………………

…………………………………………………………………………

## 2.സൂര്യകാന്തി

### ജി ശങ്കരക്കുറുപ്പ്

- ആദ്യ ജ്ഞാനപീഠ ജേതാവാണ് ജി ശങ്കരക്കുറുപ്പ് .ഓടക്കുഴൽ എന്ന കവിതാ സമാഹാരത്തിനാണ് ലഭിച്ചത്.
- പ്രപഞ്ച സത്യം അന്വേഷിച്ച കവിയാണ് ജി.
- 1901 ജൂൺ 3 ന് എറണാകുളം ജില്ലയിലെ കാലടിയിൽ ജനിച്ചു.
- മലയാള സാഹിത്യ ലോകത്ത് അരനൂറ്റാണ്ട് കാലം നിറ സാന്നിധ്യമായ കവി 1978 ഫെബ്രുവരി 2 ന് അന്തരിച്ചു.
- 1933 ലാണ് സൂര്യകാന്തി കവിത ഉൾക്കൊള്ളുന്ന കാവ്യസമാഹാരം പ്രസിദ്ധീകരിക്കുന്നത്.
- സൂര്യകാന്തി പൂവിന്റെ മനോഹരമായ മുഖം ഉയർത്തി സുന്ദരനായ ദിവാകരൻ മാധുര്യമുള്ള ശബ്ദത്തോടെ ചോദിക്കുകയാണ് ആരാണ് അനുജത്തീ നീ എന്ന് ?
- ഇമവെട്ടാതെ എന്നെ നോക്കി നിൽക്കുന്നതും എന്തിനാണ്?
- എന്നോട് എന്തെങ്കിലും പറയാനുണ്ടോ?




- ഇല്ലെങ്കിൽ ചോദിച്ചതായി കൂട്ടണ്ട തനിക്കങ്ങനെ തോന്നിയതാകാമെന്നും സൂര്യൻ.
- സൂര്യകാന്തിക്ക് ഒന്നും പറയാനുണ്ടായില്ല.
- പ്രപഞ്ച സൃഷ്ടാവായ സൂര്യദേവനെവിടെ .. ഗന്ധം പോലുമില്ലാത്ത താനെവിടെ ?
- സൂര്യദേവനെ സ്നേഹിച്ച കുറ്റത്തിന് ലോകം എന്നെ പുച്ഛിച്ച് സൂര്യകാന്തി എന്ന് വിളിച്ചു.

- ഗുണങ്ങൾക്കിരിപ്പിടമായ സൂര്യന് തന്റെ നോട്ടം എന്ത് തോന്നിയോ എന്തോ ?
- ഭാവപരവശ്യത്താൽ ചിരിക്കാൻ ശ്രമിച്ചെങ്കിലും അത് ചിരിയായില്ല. കണ്ണിൽ നിന്ന് ഉതിർന്ന ആനന്ദാശ്രു മഞ്ഞുതുള്ളിയാണെന്നും കവിൾത്തുടിപ്പ് ഇള വെയ്ലേറ്റ് ഉണ്ടായതെന്ന് കരുതട്ടെ എന്നും സൂര്യകാന്തി ചിന്തിച്ചു.
- ശരീരത്തിൽ രോമാഞ്ചമുണ്ടായത് കുളിർ കാറ്റടിച്ചതിനാലാണ്.
- ലജ്ജാ ചാപല്യത്താൽ അല്ല എന്ന് അഭിനയിച്ച് ഫലിപ്പിക്കാൻ ശ്രമിക്കുകയാണ് അവൾ.
- പരിശുദ്ധമായ തന്റെ പ്രേമത്തെ പരിഗണിച്ചാൽ സൂര്യൻ ലോകത്തിന് മുന്നിൽ നിന്ദിക്കപ്പെട്ടവനും പരിഗണന കിട്ടാത്തവനുമായി തീരും.
- അതിനാൽ പ്രേമം നിത്യ മൂകമായിരിക്കട്ട
- സൂര്യൻ തന്റെ പ്രേമം ഊഹിച്ചാൽ ഊഹിക്കട്ടെ എന്നും അവൾ ആഗ്രഹിച്ചു.
- സ്നേഹത്തിന്റെ ഫലം സ്നേഹം മാത്രം. അറിവിന്റെ ഫലം അറിവ് മാത്രം.
- സ്നേഹിക്കുമ്പോൾ ലഭിക്കുന്ന ആത്മനിർവൃതി സുഖപ്രദമാണ്.
- സ്നേഹഭംഗം ദുഃഖമുണ്ടാക്കുന്നു.
- ദിക്കുകളെ അതിവർത്തിച്ച്  ജ്വലിക്കുന്നതാണ് സ്നേഹം .
- അനന്ത വിഹായസ്സിലുള്ള സൂര്യനെ ഭൂമിയിലുള്ള സൂര്യകാന്തി സ്നേഹിച്ചു.
- ആ സ്നേഹ ചൂടിൽ ശരീരം ദഹിക്കുന്നെങ്കിൽ ദഹിക്കട്ടെ.
- അതിലൂടെ ആ മനോഹര പ്രകാശത്തെ ചുംബിക്കാൻ തന്റെ ആത്മാവിന് കഴിയുമല്ലോ.
- തന്റെ മനസ്സിൽ അലയടിക്കുന്ന ഈ ചിന്തകൾ സൂര്യദേവൻ അറിഞ്ഞോ എന്നും ചിന്തിച്ചതിനാലാണ് പോകുമ്പോൾ സൂര്യന്റെ മുഖം വിവർണമായത്.
- വളരെ വിഷമത്തോടെയാണ് സൂര്യൻ തന്നിൽ നിന്നും തളർന്ന കൈകൾ പിൻവലിച്ചത്.
- വാക്കുകൾ നഷ്ടപ്പെട്ട അവസ്ഥയിൽ ഇരുവരും പരസ്പരം നോക്കി.

- കറുത്ത രാവ് പെട്ടെന്നാണ് കടന്നുവന്നത്.
- നന്ദി പ്രകടിപ്പിക്കാനായി തല കുനിച്ചത് സൂര്യൻ കണ്ടിരിക്കയില്ല.
- ഉറങ്ങാൻ കഴിയാതെ ചുകന്ന കണ്ണുമായി സൂര്യൻ പുലർച്ചക്ക് എത്തുമ്പോൾ തന്നെ ഈ മുറ്റത്ത് കാണാതെ മുഖം വിളറി നിൽക്കും.
- തെക്കൻ കാറ്റടിച്ചതിനാൽ തന്റെ അംഗങ്ങൾ ചിതറിയിട്ടുണ്ടാകും.
- അത് കാണുമ്പോൾ സൂര്യൻ സ്തംഭിച്ച് നിന്ന് പോയേക്കാം.
- പിന്നെ പ്രണയത്താൽ നീറുന്ന മുഖത്തോടെ ഇങ്ങനെ പറഞ്ഞേക്കാം.
- ആ വിശുദ്ധമായ മുഗ്ധ പുഷ്പത്തെ കണ്ടുമുട്ടിയില്ലെങ്കിൽ ..
- ഈ വിധം പരസ്പരം സ്നേഹിക്കാതിരുന്നെങ്കിൽ എന്ന്
- സൂര്യദേവനെ സ്നേഹിക്കുന്ന സൂര്യകാന്തിയുടെ ചിന്തയിൽ ഇതൾ വിരിയുന്ന റൊമാന്റിക് ഭാവങ്ങളെ ജി ശങ്കരക്കുറുപ്പ് ഇവിടെ അനശ്വരമാക്കി.

……………………………………………………………………………


……………………………………………………………………………..

CPA COLLEGE OF GLOBAL STUDIES

## 3.മണിനാദം

## ഇടപ്പള്ളി രാഘവൻ പിള്ള

- 1909 മെയ് 30 ന് എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ ജനിച്ചു. 1936 ജൂലൈ 21 ന് അന്തരിച്ചു.
- ഇരുപത്തി ഏഴാം വയസ്സിൽ കവി തൂങ്ങി മരിക്കുകയായിരുന്നു.
- 96 കവിതകളും നവസൗരഭം ഹൃദയസ്മിതം തുഷാരഹാരം തുടങ്ങിയ കാവ്യസമാഹാരങ്ങളും രണ്ട് ചെറുകഥകളും ഉപന്യാസങ്ങളും എഴുതി.
- കാല്പനിക കവിയായിരുന്നു ഇടപ്പള്ളി രാഘവൻപിള്ള .
- താനെഴുതിയ കവിതകളെല്ലാം കാൽപനികതയുടെ ഭാവങ്ങൾ കൃത്യമായി അടയാളപ്പെടുത്തിയവയായിരുന്നു.
- കവിയുടെ .ചെറുപ്പത്തിൽ അമ്മ ആത്മഹത്യ ചെയ്തു. രണ്ടാനമ്മയിൽ നിന്ന് സഹോദരങ്ങൾക്കും തനിക്കും വിഷമതകൾ നേരിട്ടു.
- നാട് വിട്ട് പല സ്ഥലങ്ങളിൽ പല ജോലികളും ചെയ്തു.
- കൊല്ലത്ത് വൈക്കം നാരായണപിള്ളയുടെ വീട്ടിൽ താമസിക്കുന്ന കാലത്താണ് ഒരു പെൺകുട്ടിയുമായി പ്രണയത്തിലാകുന്നത്.
- തന്റെ പ്രണയിനിയുടെ വിവാഹ ക്ഷണക്കത്ത് കയ്യിൽ കിട്ടിയതോടെ കവി ആകെ തകർന്നു.




- ആ ദുഃഖം സഹിക്കാനാകാതെയാണ് ആത്മഹത്യ ചെയ്തത്.
- ആത്മഹത്യ കുറിപ്പിൽ ആരോടും ഒരു പരിഭവവും ഇല്ലാതെയാണ് യാത്ര എന്ന് വ്യക്തം.

- മരണദിനത്തിന്റെ മണി മുഴക്കം മധുരം വരുന്നു ഞാൻ എന്ന് പറഞ്ഞു കൊണ്ടാണ് കവിത തുടങ്ങുന്നത്.
- അവൾ അപങ്കില ദൂരെയാണെങ്കിലും കൂടെ തന്നെയുണ്ട് എന്ന് പറയുമ്പോൾ കവിയുടെ പ്രണയ തീവ്രത വ്യക്തമാകുന്നു.
- കാമുകിയെ ഒരു തരത്തിലും വിഷമിപ്പിക്കാതിരിക്കാൻ കവി പരമാവധി ശ്രമിക്കുന്നതും കാണാം.
- ഇങ്ങനെ മരണാഭിമുഖ്യത്തെ പകർത്തിയ കവിയായിരുന്നു ഇടപ്പള്ളി .
- പ്രണയ വഞ്ചനയുടെ ഒരു വാക്ക് പോലും കുറിച്ചിടാതെയാണ് കവിത എന്ന് കാണാം.
- ചങ്ങമ്പുഴയുടെ അടുത്ത സുഹൃത്തായിരുന്നു ഇടപ്പള്ളി.
- ഇടപ്പള്ളിയുടെ തകർന്ന മുരളി എന്ന കവിത വികസിപ്പിച്ചെടുത്താണ് ചങ്ങഴ രമണൻ എഴുതിയത്.

……………………………………………………………………………………

………………………………………………………………………………….

CPA COLLEGE OF GLOBAL STUDIES

## 4.കലോപാസകൻ

## അക്കിത്തം അച്യുതൻ നമ്പൂതിരി

- 1926 മാർച്ച് 18 ന് അമേറ്റൂർ അക്കിത്തം മനയിൽ ജനിച്ചു.2020 ഒക്ടോബർ 15 ന് നിര്യാതനായി.
- പത്രപ്രവർത്തകൻ കവി സംസ്കൃത പണ്ഡിതൻ സംഗീതജ്ഞൻ എഡിറ്റർ തുടങ്ങി നിരവധി മേഖലകളിൽ തിളങ്ങി.
- മാനസപൂജ, മധുവിധു , ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം, ബലിദർശനം, അരങ്ങേറ്റം , കളിത്തൊട്ടിൽ തുടങ്ങി ധാരാളം കൃതികൾ എഴുതി.
- കലയെ ഉപാസിക്കുന്ന കലാകാരൻ തന്റെ സമൂഹത്തിന് വേണ്ടി അടയാളപ്പെടുത്തൽ നടത്തുന്നവനാകണം.
- സമകാലിക സമൂഹത്തിലെ ഗതിവിഗതികളെ ഈ കവിതയിൽ കവി കാട്ടി തരുന്നുണ്ട്.
- കാൽപനിക ലോകത്തിലെ കലാകാരൻ ആരാണെന്ന തിരിച്ചറിവ് ഇതിലൂടെ ലഭിക്കുന്നു.
- കലാകാരൻ കാലത്തിനൊപ്പം ജീവിക്കുന്നവൻ ആകണം. കാലത്തിന്റെ ഉപാസകനാകണം.



- കലാകാരന് സമൂഹം നൽകുന്ന പദവിയെ അവൻ ദുരുപയോഗം ചെയ്യരുത്.
- പഴയ തലമുറയും പുതിയ തലമുറയും തമ്മിൽ ചിന്തയിലും പ്രവൃത്തിയിലും വ്യത്യാസം ഉണ്ട്.
- അച്ഛനോട് കാറ് വാങ്ങണമെന്ന് ആവശ്യപ്പെടുന്ന മകൻ.
- ഒരു നേരത്തെ ഭക്ഷണത്തിനായി കഷ്ടപ്പെടുന്ന അച്ഛൻ.

- ഈ വ്യത്യാസം പറഞ്ഞു കൊണ്ടാണ് തുടങ്ങുന്നത്.




- താടിരോമങ്ങൾ വെളുത്ത മഹാത്മാവായി എങ്ങനെ മാറി എന്ന് കാണികൾ ചോദിക്കുമ്പോൾ എന്ത് മറുപടിയാണ് നൽകുക എന്നറിയാതെ കവി ഇരിക്കുന്നു.
- പുറമേക്ക് കാണുന്നതൊന്നും അല്ലല്ലോ സത്യം. ഉള്ളിലെ സത്യത്തെ കാണിക്കാനാകാതെ കവി ചിന്താകുലനാകുന്നു.




CPA COLLEGE OF GLOBAL STUDIES

## 5.കുതിരക്കൊമ്പ്

### അയ്യപ്പപ്പണിക്കർ .

- 1930 സെപ്റ്റംബർ 12 ന് ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ കാവാലം കരയിലാണ് കവിയുടെ ജനനം..
- ആധുനികതയെ മലയാള സാഹിത്യത്തിന് പരിചയപ്പെടുത്തിയ കവിയാണ് അയ്യപ്പപ്പണിക്കർ .
- അധ്യാപകൻ വിമർശകൻ, ഭാഷാ പണ്ഡിതൻ എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്നു.
- കുരുക്ഷേത്രം, പൂക്കാതിരിക്കാൻ എനിക്കാവതില്ല, ഗോത്രായനം തുടങ്ങിയ കവിതകൾ പ്രസിദ്ധമാണ്.
- 1976 ൽ എഴുതിയ കവിതയാണ് കുതിരക്കൊമ്പ്.
- ഈ പേര് കേൾക്കുമ്പോൾ കുതിരക്ക് കൊമ്പുണ്ടോ എന്ന് തോന്നും.
- അന്നത്തെ ഭരണകൂടത്തോടുള്ള ചോദ്യമായിരുന്നു അത്.
- എല്ലാം തികഞ്ഞ ഒന്നും ഈ ലോകത്തിലില്ല.
- ഒരു കഥ പറയുമ്പോലെയാണ് കവിത. തുടങ്ങുന്നത്.




- കുതിരക്കൊമ്പ് അന്വേഷിച്ച് പോയ സൂതകുമാരന്റെ കഥയാണ് ഇതിൽ
- കഥയില്ലാത്തവരാകരുത് നാം.
- ഭാവനാ ലോകത്ത് മാത്രം സഞ്ചരിച്ചാൽ പോര.

- യാഥാർഥ്യത്തിന്റെ ഈ കാലഘട്ടത്തിന്റെ പ്രശ്നങ്ങളോട് സംവദിക്കാൻ കഴിയണം.
- അതിലൂടെ തന്റെ കാലത്തെ അടയാളപ്പെടുത്താൻ കഴിയണം.
- കെട്ട കാലത്തെ സ്വജനങ്ങളിലൂടെ മാറ്റിയെടുക്കണം.
- തന്റെ കാലത്തിന്റെ കൊമ്പ് ദംഷ്ട്ര ഇവയെ കാണാതെ പോകരുത്.
- വിടരാനിരിക്കുന്ന പൂവുകളോടാണ് കവി കഥ പറയുന്നത്.
- അതിൽ കാലത്തിന്റേതായ ജാഗ്രത പുലർത്തേണ്ടതുണ്ടെന്നും കവിത നമ്മെ ഓർമ്മിപ്പിക്കുന്നു.
- കഥ പറയാം ആരും പോകരുതെന്ന് കവി പറയുന്നു.
- ഗുണപാഠം തരുന്നവയാണ് കഥകൾ.
- പാരമ്പര്യത്തെ ഇവിടെ കവി ബഹുമാനിക്കുന്നു.
- വെറും കഥയല്ല ഉൾക്കാമ്പുള്ള കഥയാണ്.
- എന്റെ കുതിരയുടെ കൊമ്പെവിടെ എന്ന് ഒരു സൂതകുമാരൻ രാപ്പകലില്ലാതെ അന്വേഷിച്ച് നടക്കുന്നു.
- സന്ധ്യക്ക് കായൽക്കരയിൽ ചെന്ന് അന്വേഷിച്ചു.
- ചങ്ങാതിമാരൊത്തുകൂടുന്ന ചായക്കടയിലും
- വാറ്റ് ചാരായത്തിൽ നിന്നുണ്ടാകുന്ന തെറിപ്പാട്ടുകൾ കേൾക്കുന്ന രാത്രിയുടെ പഴയ വഴികളിലും
- കുളിരിൽ ഇരുട്ടിൽ ആകാശത്തിന്റെ നീലിമയിൽ തിരയടിച്ച് നുരപതഞ്ഞ് എത്തുന്ന കടലിൽ എല്ലാം കുമാരൻ കുതിര കൊമ്പ് അന്വേഷിച്ചു.
- പൂവിനോട് തെന്നലിനോട് പുണ്യം പെരുകിയ നല്ല മനുഷ്യരോട് ചോദിച്ചു.
- ഇവിടെ കാറ്റിന് മാധുര്യമുള്ളതാക്കുന്നു.
- തേനൂറുന്ന പൂവിൽ സ്പർശിച്ച് പുണ്യ ആത്മാക്കളെ തലോടി വന്നതു കൊണ്ടാകാം കാറ്റിന് മാധുര്യം ഉണ്ടായത്.
- അറബി കുതിരകൾ പച്ചക്കുതിരകൾ മായകുതിരകൾ ശീലക്കുതിരകൾ തുടങ്ങി വേറൊരു ലോകത്തെ നമുക്ക് മുന്നിൽ കവി സൃഷ്ടിക്കുകയാണ്.
- പല മായക്കാഴ്ചകളും ഭ്രമിപ്പിക്കുകയും വഴി തിരിക്കുകയും ചെയ്യും.

- സൂതകുമാരൻ തന്റെ ലക്ഷ്യത്തിലേക്ക് തന്നെ സഞ്ചരിച്ചു.
- മണലാരണ്യത്തിലും പച്ചത്തുരുത്തിലും
- അത്ഭുത ലോകത്തും നെയ്ത്തുശാലകളിലും ഒന്നും കൊമ്പുള്ള കുതിരയെ കണ്ടില്ല.
- തളർന്ന് അലറി വിളിച്ച് അവസാനം ഒരു രാത്രി മുഴുവൻ ഇരുന്ന് ആലോചിക്കുകയാണ്.
- വേദപുസ്തകം കയ്യിലെടുത്ത് അതിലെ പേജ് പകുത്തെടുത്ത് ധ്യാനിച്ചു.
- ഇതൊരു വിശ്വാസത്തെ ഓർമ്മപ്പെടുത്തുന്നുണ്ട്.
- വേദഗ്രന്ഥങ്ങൾ തുറക്കുമ്പോൾ ആദ്യം കാണുന്ന പേജിലെ ആറ് വരി വിട്ട് ഏഴാമത്തെ അക്ഷരം കഴിഞ്ഞ് വായിക്കുന്ന പതിവ് ഉണ്ടായിരുന്നു.
- അതിലെ ആശയം പോലെയാകും അന്നത്തെ ദിവസം.
- ഒരു ഗതിയും ഇല്ലാത്തതിനാൽ വേദത്തെ ശാസ്ത്രവുമായി ബന്ധിച്ച് വിശകലനം ചെയ്യുകയാണ് ഇതിൽ.
- ആത്മീയതയും ഭൗതികതയും ഇവിടെ കൂടി ചേരുന്നു.
- പരമ്പര്യത്തെ ഒഴിവാക്കാതെ പുതിയ കാലത്തോട് ചേർത്തുവക്കുന്നു.
- മറ്റൊരുതലത്തിൽ ചിന്തിച്ചാൽ സൂത കുലത്തിൽ ജനിച്ചവനാണ് താൻ.
- അതിനാൽ തനിക്ക് ഒരു പുതിയ കുതിരയെ എന്ത് കൊണ്ട് നിർമ്മിച്ചു കൂടാ.
- ആ ചിന്തയിൽ നിന്നാണ് ശാസ്ത്രത്തേയും പുരാണത്തേയും ഒരുമിച്ച് നിർത്തി പുതിയ കണ്ടെത്തലിലേക്ക് എത്തുന്നത്.
- കൊമ്പുള്ള കുതിരകളെ മേയ്ക്കുന്നവരായി ഇനി സൂതകുമാരൻ അറിയപ്പെടട്ടെ.
- മറ്റുള്ളവർ ഭയത്തോടെ അത്ഭുതത്തോടെ നോക്കി കാണട്ടെ.
- യശ:സിയായ തന്ത്രജ്ഞനായ കർണ്ണനേയും ഇവിടെ ചേർത്ത് വായിക്കാവുന്നതാണ്.
- എല്ലാ കഴിവുകളും ഉണ്ടായിട്ടും ആരും പരിഗണിക്കാതെ പോയത് സൂതപുത്രനായതിനാലാണ്.

- യജമാനൻ പറയുന്നിടത്തേക്ക് കുതിരയെ തെളിക്കാൻ വിധിക്കപ്പെട്ടവനാണ് സൂതർ .
- അവരുടെ ഉള്ളിലെ അടങ്ങാത്ത എതിർപ്പുകൾ സങ്കടങ്ങൾ എല്ലാം പ്രകടിപ്പിക്കാനുള്ള അവസരം കണ്ടെത്താനുള്ള ഒരു ശ്രമം കുതിരക്കൊമ്പിന്റെ അന്വേഷണത്തിൽ വായിക്കാം.


………………………………………………………………………..

……………………………………………………………………….

## 6.പുത്തൻ ചൊല്ല്

## ആറ്റൂർ രവിവർമ്മ

- ശ്രദ്ധേയനായ വിവർത്തകനും കവിയും ആയിരുന്നു ആറ്റൂർ രവിവർമ്മ .
- തൃശ്ശൂർ ജില്ലയിലെ ആറ്റൂർ ഗ്രാമത്തിൽ 1930 ഡിസംബർ 2 ന് ജനിച്ചു.
- എഴുത്തച്ഛൻ പുരസ്ക്കാരം, കേന്ദ്ര സാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും അവാർഡുകൾ നേടിയ ആധുനിക കവിയാണ് ആറ്റൂർ .
- പുതുനാനൂറ്, നാളെ മറ്റൊരു നാൾ മാത്രം , ഒരു പുളിമരത്തിന്റെ കഥ, ജെ ജെ ചില കുറിപ്പുകൾ തുടങ്ങി ധാരാളം കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു.
- മിക്ക കവിതകളിലും ആധുനികതയുടെ ഭാവുകത്ത പരിസരങ്ങൾ കാണാം.
- 1960 കളിലും 1970 കളിലും ഉണ്ടായ ആധുനികതയുടെ തിരയിളക്കം ആറ്റൂർ കവിതകളിൽ പ്രകടമാണ്.
- കവിതയിലും ജീവിതത്തിലും പുതുമയെ അഭിവാദ്യം ചെയ്യുന്ന കവിയാണ് പുത്തൻ ചൊല്ല് .
- തീക്ഷ്ണതയിൽ നിന്ന് സൗമ്യതയിലേക്കുള്ള മടക്കം എന്ന ഒരു പരിണാമ ചിന്ത ഈ കവിതയിൽ കാണാം.



- പുതിയ കാലത്തിനോട് , യുവ തലമുറയോട് പഴയ കാലത്തിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് പുതിയ സംസ്കാരം പടുത്തുയർത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കവി ഇതിൽ പറയുന്നു.

- പഴയ കാല പ്രതാപത്തിൽ മുഴുകി ജീവിക്കുന്നത് പുതിയ കാലത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തും.
- പഴയതും പുതിയതും ചേർന്ന ഒരു പുതിയ ചെല്ല് പുതു തലമുറക്ക് വേണം.

വരികളിലൂടെ ...

- നിങ്ങൾ ഇതു വരെ പഠിച്ചതെല്ലാം നിർത്തി പുതിയ പഠിപ്പ് തുടങ്ങണം.
- മനസ്സിൽ പതിഞ്ഞ ഓരോ ചൊല്ലുകളും ബോധ്യമായി എങ്കിൽ തെറ്റിന് നേരെ വിരൽ ചൂണ്ടാൻ കഴിയണം.
- നേടിയ അറിവിൽ മാത്രം ഒതുങ്ങാതെ പുതിയ അധ്യായങ്ങൾ രചിക്കണം.
- കുതിരസവാരി പോലുള്ള പഴയ രീതികൾ മാറ്റി പുതിയ കാലത്തിനൊത്ത് സഞ്ചരിക്കുക. പഴയതിനെ മാത്രം മുറുകെ പിടിക്കരുത്.
- അക്ഷരവും വ്യാകരണ നിയമങ്ങളും പഴയതിൽ മാറ്റി എഴുതണം. അതിലൂടെ പുതിയ ശബ്ദങ്ങൾ പുറത്തെത്തണം.



- ജീവിതത്തെയും കാലത്തെയും നന്നായി മനസ്സിലാക്കി ജീവിക്കുകയാണ് വേണ്ടത്.
- ബാലകരായ നിങ്ങൾ പ്രയാസങ്ങൾ നിറഞ്ഞ മണലാരണ്യം താണ്ടി വേണം യാത്ര ചെയ്യാൻ.
- പ്രയാസത്തിലൂടെ മാത്രമേ സുഖം ലഭിക്കുകയുള്ളൂ.
- കേൾക്കേണ്ടതും മുറുകെ പിടിക്കേണ്ടതും നേരും നെറിയും ഉള്ള സത്യമാർഗ്ഗം മാത്രമായിരിക്കണം.
- നമുക്ക് മുമ്പേ നേർമാർഗ്ഗം തെളിച്ചവരെ നാം തിരിച്ചറിയണം.

- അവരാണ് നമുക്ക് മുന്നേ എത്തിയവർ.
- പാരമ്പര്യത്തെ കവി ഇവിടെ ബഹുമാനിക്കുകയാണ്.
- മനുഷ്യനെ താരതമ്യം ചെയ്തു കൊണ്ട് തിരുത്താൻ ശ്രമിക്കണം.
- പറവകൾ പറക്കുന്നത് നേർരേഖയിലാണ്. മീനുകൾ നീന്തുന്നതും ശബ്ദം വെളിച്ചം ചിന്ത എലല്ലാം നേർരേഖയിലൂടെയാണ് സഞ്ചരിക്കുന്നത്.
- രാമന്റെ ബാണം പോലെ ലക്ഷ്യം തെറ്റാതെ നേരിന്റെ സംഗീതമാകുന്ന വഴിയിൽ വേണം സഞ്ചരിക്കാൻ.
- വിദ്യാഭ്യാസത്തിന്റെ ആദ്യ ഘട്ടത്തെയും ആദികാവ്യം എഴുതിയ വാത്മീകിയെയും ഓർക്കുന്നുണ്ട്.
- സത്യസന്ധമായ നിലപാട് സ്വീകരിക്കാൻ കാണിച്ച ധൈര്യം ആറ്റൂർ കവിതകളെ വേറിട്ടതാക്കി.
- ആറ്റൂരിന്റെ കാവ്യ വ്യക്തിത്വത്തിലെ കൈയ്യൊപ്പാണ് യാത്ര എന്ന് പറയാം.
- മുന്നോട്ടും പിന്നോട്ടം അകലേക്കും ഏറ്റവും ഒടുവിലെങ്കിലും പുറപ്പെട്ട ഇടത്തേക്കും നയിക്കുന്ന ഉൾപ്രേരകമായി നിരവധി വഴികൾ ആറ്റൂർ കവിതയിൽ ചിതറി കിടക്കുന്നുണ്ട്.

.....................................................................................

.....................................................................................

CPA COLLEGE OF GLOBAL STUDIES

## 7.അമ്മയെ കുളിപ്പിക്കുമ്പോൾ

## സാവിത്രി രാജീവൻ

- വീട്ടിക്കാട്ട് ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടേയും സാവിത്രി അന്തർജനത്തിന്റെയും മകളായിരുന്നു.
- അധ്യാപിക, കവയത്രി , ചിത്രകാരി, വിവർത്തക, കലാനിരൂപക തുടങ്ങിയ മേഖലകളിൽ പ്രവർത്തിച്ചു.
- 2016 ലെ കവിതക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം ലഭിച്ചു.
- 1991 ൽ കുഞ്ചുപിള്ള സ്മാരക അവാർഡ് 2018 ൽ കമല സുരയ്യ അവാർഡ്.
- 1994 ൽ ഉദയഭാരതി നാഷണൽ അവാർഡ് ലഭിച്ചു.
- മിത്ത് സംസ്ക്കാരം ഇവയുടെ സഹായത്തോടെ സ്ത്രീ പ്രതിഭകളെ പുറത്തെടുക്കുകയാണ് ദേഹാന്തരം എന്ന കവിതയിൽ.
- സ്വന്തം ഉടലിലൂടെ മാത്രമേ ഏതൊരാൾക്കും സ്വയം തിരിച്ചറിയാനാകൂ എന്ന് ദൈനംദിന ജീവിതത്തെ സൂക്ഷ്മതയോടെ ഇവർ നിരീക്ഷിച്ചു.
- കാലിക സമൂഹത്തിലെ സമസ്യകളോട് ശക്തിയായി പ്രതികരിക്കുന്നവയാണ് ഇവരുടെ കവിതകൾ.



- മാതൃത്വത്തിന്റെ മഹനീയതയെ എങ്ങനെയൊക്കെ ആദരിക്കാം എന്ന ഓർമ്മപ്പെടുത്തൽ അമ്മയെ കുളിപ്പിക്കുമ്പോൾ എന്ന കവിതയിൽ കാണാം.

- അമ്മയെ കുളിപ്പിക്കുമ്പോൾ ഒരു കുഞ്ഞിനെയെന്ന പോലെ കരുതൽ വേണം.
- വാർദ്ധക്യത്തിന്റെ അനാരോഗ്യവും തളർച്ചയും ഉള്ള അവസ്ഥയാണ് ഇപ്പോൾ .
- ശരീരം കയ്യിൽ നിന്ന് തെന്നിവീഴാതെ വളരെയേറെ ശ്രദ്ധിക്കണം.
- കുളിപ്പിക്കാനെടുക്കുന്ന വെള്ളത്തിന് ഇളം ചൂട് വേണം.
- ഒരു പാട് കാല ജീവിതത്തിലൂടെ കടന്ന് വന്ന ശരീരമാണ് എന്ന് ഓർക്കണം.
- സുഗന്ധദ്രവ്യങ്ങളും ലേപനങ്ങളും ഉപയോഗിച്ച് ശീലമില്ലാത്ത ആ ശരീരത്തിലേക്ക് കാഠിന്യമുള്ള സോപ്പ് കൊണ്ട് പതപ്പിക്കരുത്.
- പത കണ്ണിലേക്ക് ആകാതെ ശ്രദ്ധിക്കണം.
- ഇതൊക്കെ ചെയ്യുമ്പോൾ ഒരു കാര്യം ഓർക്കണം.
- നിന്നെ കുളിപ്പിച്ച് ഒരുക്കിയ ആ കാലത്തെ ഒന്ന് ഓർക്കുന്നത് നന്ന്.
- അന്ന് അമ്മയുടെ കൈകളിൽ വളകിലുക്കം ഉണ്ടായിരുന്നു.
- മോതിരം കടിച്ചും വളകിലുക്കത്തിൽ ചിരിച്ചും നീ കുളി ആനന്ദമാക്കി.
- ഇപ്പോൾ ശോഷിച്ച ആ കൈകളിൽ വളയോ മോതിരമോ ഇല്ല.
- അതെന്നേ ഊർന്ന് പോയിട്ടുണ്ട്.
- പ്രാരാബ്ധങ്ങളോരോഗമോ ആകാം അവയുടെ അപ്രത്യക്ഷമാകലിന് കാരണം.
- ആർക്കും ഒന്നും മാറ്റിവക്കാനോ ഊരി എടുക്കാനോ കഴിയാത്ത കാലത്തിന്റെ വളകൾ ആണ് ഇന്ന് അമ്മക്ക് ആഭരണം.
- ചുളിവിന്റെ എണ്ണമയമില്ലാത്ത ഞൊറി വളകൾ.
- അതിന് മഴവില്ലിനേക്കാൾ നിറഭേദങ്ങൾ ഉണ്ട്.ഏഴായിരം ഓർമ്മകളും .
- ഇപ്പോൾ അതൊന്നും എണ്ണി നോക്കാൻ ശ്രമിക്കേണ്ട അതുൾക്കൊള്ളാനുള്ള പ്രായം നിനക്ക് വന്നിട്ടില്ല.
- കണ്ണുകളടച്ച് വാത്സല്യത്തോടെ തൊട്ടടുത്തിരുന്ന് ആ മൃദുശരീരം തലോടിയിരിക്കുകയാണിപ്പോൾ വേണ്ടത്.

- ആ സ്പർശനം അമ്മയുടെ ശരീരത്തിൽ പല മാറ്റങ്ങളും ഉണ്ടാക്കും



.


- തന്റെ ആരോഗ്യമുള്ള നാളുകളിലേക്ക് അമ്മ മടങ്ങി പോകും. മനസ്സിന്റെ നല്ല ചിന്തകളാണ് ശരീരത്തിന്റെ ഉണർവ് .
- അപ്പോൾ ചുളിവുകൾ താനേ നിവർന്ന് വരും.
- എണ്ണയും താളിയും ആണ് നിന്നെ കുളിപ്പിക്കാനായി അമ്മ ഉപയോഗിച്ചത്.
- തലമുറ പൂർണ ആരോഗ്യത്തോടും സൗന്ദര്യത്തോടും ഇരിക്കട്ടെ എന്ന് അവർ ആഗ്രഹിച്ചു.
- ഇന്ന് സമയ ലാഭം മിനക്കെടാനുള്ള മടി എല്ലാം മനുഷ്യരെ രാസ പദാർത്ഥങ്ങളുടെ ഉപയോഗത്തിലേക്ക് നയിച്ചു.
- പണ്ട് നിനക്ക് എണ്ണിയാലൊതുങ്ങാത്ത ഉമ്മകൾ ലഭിച്ചു.
- അതിൽ ഒന്നെങ്കിലും ഇന്ന് തിരിച്ച് കൊടുക്കണം.
- ആ മനസ്സ് അതിനായി ആഗ്രഹിക്കുന്നുണ്ടെന്ന് നീ തിരിച്ചറിയണം.
- നാം എത്ര വളർന്നാലും വിദ്യാഭ്യാസം നേടിയാലും ആദ്യ ഗുരുവായ മാതാവിനെ മറക്കരുത്.
- അമ്മയെ കുളിപ്പിക്കുമ്പോൾ കുഞ്ഞിനെ കുളിപ്പിക്കുമ്പോൾ എന്ന പോലെ കരുതൽ വേണം.

……………………………………………………………………………
……………………………………………………………………………

## 8.അംബ

## കുട്ടികൃഷ്ണമാരാർ

- 1948 ൽ എഴുതിയ ഭാരതപര്യടനം എന്ന കൃതിയിലെ ഒന്നാമത്തെ അധ്യായമാണ് അംബ .
- കാശി രാജാവിന്റെ മൂന്ന് പെൺ മക്കളിൽ മൂത്തവളായിരുന്നു അംബ,
- സ്വാലൻ എന്ന രാജാവുമായി അംബ പ്രണയത്തിലായിരുന്നു.
- തന്റെ പുത്രിമാരെ വീര്യശുല്ക്കമായി രാജാവ് പ്രഖ്യാപിച്ചു.
- അങ്ങനെ രാജാക്കൻമാർ വന്ന് വീര്യപ്രകടനം നടത്തി കുമാരിമാരെ സ്വന്തമാക്കാം.
- കാശിരാജാവിന്റെ ക്ഷണം സ്വീകരിച്ച് ധാരാളം രാജാക്കൾ എത്തി.




- അംബ അംബിക അംബാലിക മൂന്ന് പേരും മത്സരം കാണാനായി എത്തി.
- സ്വാല രാജാവും മത്സരത്തിന് എത്തിയിരുന്നു.
- മത്സരത്തിൽ വിജയിച്ചത് ഭീഷ്മർ ആയിരുന്നു.
- തന്റെ സഹോദരനായ വിജിത്രവീര്യന് വേണ്ടിയാണ് ഭീഷ്മർ കുമാരിമാരെ വിവാഹം ചെയ്തത്.
- അവരെ ബലമായി തേരിൽ കയറ്റി അനുജന്റെ മുന്നിൽ എത്തിച്ചു.
- കുരുവംശ രാജാവായ ശന്തനു രാജാവിന് ഗംഗാദേവിയിൽ ഉണ്ടായ ഏട്ടാമത്തെ പുത്രനാണ് ഭീഷ്മർ ,
- ശന്തനു രാജാവ് മത്സ്യഗന്ധിയായ സത്യവതിയെ കാട്ടിൽ നായാട്ടിനിടെ കണ്ട് ഇഷ്ടപ്പെട്ടു.
- സത്യവതിയുടെ പിതാവിനോട് വിവാഹ കാര്യം പറഞ്ഞു.

- എന്നാൽ രാജാവിന് ആദ്യ ഭാര്യയിൽ ഭീഷ്മർ എന്ന മകൻ ഉള്ളതിനാൽ സത്യവതിക്ക് ഉണ്ടാകുന്ന മക്കൾക്ക് രാജ പദവി കിട്ടില്ല എന്ന കാരണത്താൽ പിതാവ് സമ്മതിച്ചില്ല.
- വിവരം അറിഞ്ഞെത്തിയ ഭീഷ്മർ ശപദം ചെയ്തു. താനെന്നും ബ്രഹ്മചാരിയായി രാജ്യം സംരക്ഷിക്കുന്ന യോദ്ധാവായി ജീവിക്കാമെന്ന്
- ഹസ്തിനപുരിയിലെ രാജാവായ വിജിത്രവീര്യന്റെ പത്നിമാരാക്കാൻ അംബികയും അംബാലികയും തയ്യാറായി.
- അംബ തന്റെ പ്രണയം തുറന്ന് പറഞ്ഞു. ഭീഷ്മർ അവളെ സ്വാലന്റെ അടുത്തെത്തിച്ചു.
- ഭീഷ്മർ പിടിച്ച് കൊണ്ട് പോയവളെ സ്വീകരിക്കാൻ സ്വാലൻ തയ്യാറായില്ല.
- തന്റെ ജീവിതം നശിപ്പിച്ച ഭീഷ്മർക്ക് അവളെ സ്വീകരിക്കാനും കഴിയുമായിരുന്നില്ല.
- ഭീഷ്മരെ വധിക്കാനായി അംബ തപസ്സ് ചെയ്യാൻ തയ്യാറായി.
- അവൾക്ക് പരശുരാമന്റെ ശിഷ്യനായ അകൃതവ്രണൻ സഹായിയായി.
- സ്ത്രീയായ അംബയോട് യുദ്ധം ചെയ്യാൻ ഭീഷ്മർ തയ്യാറായില്ല.
- ഭീഷ്മ വധായ സ്വാഹ എന്ന മന്ത്രം ചൊല്ലി അംബ അഗ്നിയിൽ ആത്മഹൂതി ചെയ്തു.
- അടുത്ത ജൻമത്തിൽ ആണും പെണ്ണും ചേർന്ന രൂപമുള്ള ശിഖണ്ഡിയായി അംബ ജനിച്ചു.
- ദ്രുപദന്റെ മകളായിട്ടാണ് ശിഖണ്ഡി ജനിച്ചത്.
- മഹാഭാരത യുദ്ധത്തിൽ ഭീഷ്മരെ വധിക്കാൻ അവൾക്ക് സാധിച്ചു.

…………………………………………………………………………………………
.

………………………………………………………………………………………

## 9.കാളിദാസനും കാലത്തിന്റെ ദാസനും

## ജോസഫ് മുണ്ടശ്ശേരി

- പണ്ഡിതനും നിരൂപകനും നോവലിസ്റ്റും ചെറുകഥാകൃത്തും വാഗ്മിയും പത്രപ്രവർത്തകനും ആയിരുന്നുമുണ്ടശ്ശേരി
- കേരളത്തിലെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയും ആയിരുന്നു.
- കരിന്തിരി, മനുഷ്യകഥാനുഗായികൾ, മാനദണ്ഡം, നാടകാന്തം കവിത്വം തുടങ്ങി ധാരാളം രചനകൾ എഴുതി.
- കൊഴിഞ്ഞ ഇലകൾ മുണ്ടശ്ശേരിയുടെ ആത്മകഥയാണ്.
- കാലത്തിന്റെ കണ്ണാടി എന്ന പുസ്തകത്തിലെ ഒരു ഭാഗമാണ് കാളിദാസനും കാലത്തിന്റെ ദാസനും എന്നത്.
- പ്രാചീന കവികൾ കാലത്തിന്റെ കളിപ്പാവകളായതിനാൽ കാലത്തിന്റെ ന്യൂനതകൾ തുറന്ന് എഴുതാൻ കഴിഞ്ഞിരുന്നില്ല.
- പഴയ മഹാകാവ്യങ്ങൾ നോക്കിയാൽ അതെഴുതിയ കവികൾ ആ കാലഘട്ടത്തിലെ സാമൂഹിക സംസ്ക്കാരത്തോട് ഇഴുകി ചേർന്നിട്ടുണ്ടെന്ന് കാണാം.




- മഹാഭാരത കർത്താവായ വ്യാസനും കാളിദാസനും രണ്ട് തരത്തിൽ ആണ് ശകുന്തളയെ കണ്ടത്.
- ശകുന്തള ഒരു അബലയല്ല എന്ന് വ്യാസമഹർഷി പറയുന്നു.
- കാളിദാസ ശാകുന്തളത്തിൽ ശകുന്തള അബലയാണ്. എന്ന് മുണ്ടശ്ശേരി കണ്ടെത്തുന്നു.
- വ്യക്തിസ്വാതന്ത്ര്യം അവകാശപ്പെടാൻ പോലും കഴിയാത്തവളാണ് കാളിദാസന്റെ ശകുന്തള.

- ഈശ്വരനെ പോലും പുലിംഗത്തിലാക്കിയ ഇവർ സ്ത്രീയെ ഉപഭോഗവസ്തുവാക്കി മാറ്റി.
- കാളിദാസനെന്ന കവിയെ താഴ്ത്തി കെട്ടുകയല്ല മുണ്ടശ്ശേരി
- അന്നത്തെ എഴുത്തുകാർ ആ കാലത്തിന്റെ ദാസരായി / പാവകളായി മാറി എന്ന് കാട്ടിത്തരികയാണ്.
- സമകാലിക സാമൂഹിക മര്യാദകളിൽ നിന്ന് മാറി ചിന്തിച്ചവരല്ല അവർ.
- കാളിദാസൻ കാലത്തിന്റെ ദാസൻ തന്നെയായിരുന്നു.
- രാജാവായ ദുഷ്യന്തനെ മോശക്കാരനാക്കി കാണിക്കാൻ കാളിദാസന് കഴിയില്ല.
- പഴയ മഹാകാവ്യങ്ങളിൽ തല്ലാം ആനുകാലിക ദർശനത്തിന്റെ കയ്യേറ്റം തെളിഞ്ഞ് കാണാം.
- ഉലയിൽ ഊതി കാച്ചി പൊന്നാക്കി മാറ്റുന്ന മഹാഭാരതത്തിൽ ദുഷ്യന്തൻ ശകുന്തളയെ ഉപേക്ഷിക്കുന്നത് പ്രജകള ഭയന്നാണ്.
- അവരുടെ സംശയങ്ങൾ അശരീരിയിലൂടെ മാറിയപ്പോഴാണ് ദൃഷ്യന്തൻ ഭാര്യയേയും മകനേയും സ്വീകരിച്ചത്.
- ഇവിടെ പ്രണയം സത്യധർമ്മാധികൾക്ക് അതിരെയുള്ളതല്ല എന്ന് കാണാം.
- കാമിനിയുടെ പ്രേമോഷ്മളതയല്ല ഒരമ്മയുടെ ധർമ്മരോഷമാണ് കാണുന്നത്.
- രാജ്യത്തെ / രാജാവിനെ വെള്ളയടിച്ച് കാണിക്കുക എന്നതായിരുന്നു കാളിദാസന്റെ ശ്രമം.
- ക്ഷത്രിയാധിഷ്ഠിതമായ അന്നത്തെ സാമൂഹിക നീതി അതിൽ ഉണ്ട്. വിശ്വ പ്രണയം എന്നതിനേക്കാൾ ശാകുന്തളത്തിൽ ഒരു ദുരന്ത നായികയുടെ ജീവിതമാണ്.
- ഇങ്ങനെ കാലത്തിന്റെ / ഭരണകർത്താക്കളുടെ കയ്യിലെ പാവകളായി എഴുത്തുകാർ മാറുന്നു.ഈ രീതി ശരിയല്ല എന്ന് പറയുകയാണ് ലേഖനത്തിൽ മുണ്ടശ്ശേരി.

………………………………………………………………………………………

……………………………………………………………………………

## 10.മരണത്തിന്റെ സൗന്ദര്യം

## കെ പി അപ്പൻ

- വിമർശകൻ എന്ന നിലയിൽ ശ്രദ്ധേയനാണ് കെ പി അപ്പൻ.
- മധുരം നിന്റെ ജീവിതം, ക്ഷോഭിക്കുന്നവരുടെ സുവിശേഷം, കലഹവും വിശ്വാസവും , രോഗവും സാഹിത്യഭാവനയും, തിരസ്ക്കാരം, തുടങ്ങി ഒട്ടേറെ രചനകൾ എഴുതിയിട്ടുണ്ട്.



- ഇടപ്പള്ളി രാഘവൻപിള്ളയുടെ മരണചിന്തയെ വിശകലനം ചെയ്യുകയാണ് ഇവിടെ.
- പ്രിയ എഴുത്തുകാരൻ ഇടപ്പള്ളി ഇരുപത്തി ഏഴാം വയസ്സിലാണ് ആത്മഹത്യ ചെയ്തത്.
- കാല്പനിക കവിയായിരുന്നു ഇടപ്പള്ളി .
- 1909 ൽ എറണാകുളത്തെ ഇടപ്പള്ളിൽ ജനിച്ച കവി 1936 ജൂലൈ 05 ന് ആത്മഹത്യ ചെയ്തു.
- താനെഴുതിയ കവിതകളിലെല്ലാം കാൽപനികതയുടെ ഭാവങ്ങൾ കൃത്യമായി അടയാളപ്പെടുത്തി.
- വിഷാദം അപകർഷ ചിന്ത പ്രേമ തരളത എല്ലാം കവിതകളിൽ നിറഞ്ഞു നിന്നു.
- തന്റെ ചെറുപ്പത്തിൽ അമ്മ ആത്മഹത്യ ചെയ്തത് കവിയിൽ ആഘാതം ഉണ്ടാക്കി.
- രണ്ടാനമ്മയോടൊത്തുള്ള ജീവിതം ദുരിതമായിരുന്നു.
- അച്ഛന്റെ കുത്തഴിഞ്ഞ ജീവിതം ദാരിദ്രം കവിയെ ഏകാകിയാക്കി.
- നാട് വിട്ട് പലതരം ജോലിക ചെയ്തു.

- കൊല്ലത്ത് വൈക്കം നാരായണപിള്ളയുടെ വീട്ടിൽ താമസിക്കുമ്പോഴാണ് ഒരു പെൺകുട്ടിയുമായി പ്രണയത്തിലായത്.
- കുറച്ച് ദിവസങ്ങൾക്ക് ശേഷം അവളുടെ വിവാഹ ക്ഷണക്കത്ത് കവിക്ക് ലഭിക്കുന്നു.
- അതിൽ മനംനൊന്താണ് കവി തൂങ്ങി മരിക്കുന്നത്.
- മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന മണിനാദം എന്ന കവിത ഇടപ്പള്ളി തന്റെ മരണത്തെ മുന്നിൽ കണ്ട് എഴുതിയതാണ്.
- നാളത്തെ പ്രഭാതം എന്ന കവിതയും മരണത്തിന്റെ രണ്ടാം ദിവസം ജൂലൈ 07 ന് പ്രസിദ്ധീകരിച്ചു.
- "പ്രവൃത്തിക്കുവാനെന്തെങ്കിലും ഉണ്ടായിരിക്കും
  സ്നേഹിക്കുവാനെന്തെങ്കിലും ഉണ്ടായിരിക്കുക
  ആശിക്കുവാനെന്തെങ്കിലും ഉണ്ടായിരിക്കുക "
- ഈ വരികൾ മരണക്കുറിപ്പിൽ ഉണ്ടായിരുന്നു.
- ഈ മൂന്നിലും കവിക്ക് നിരാശയായിരുന്നു അനുഭവം.
- മനസ്സാ വാചാ കർമ്മണാ തന്റെ മരണത്തിൽ ആരും ഉത്തരവാദിയല്ല.
- അവസാന വരികൾ ഇങ്ങനെയായിരുന്നു.
- " എനിക്ക് പാട്ട് പാടാൻ ആഗ്രഹമുണ്ട്.
  എന്നാൽ എന്റെ മുരളി തകർന്നു പോയി"
- ചങ്ങമ്പുഴ കൃഷ്ണപിള അടുത്ത സുഹൃത്തായിരുന്നു.
- രമണൻ എന്ന എന്ന കവിത തകർന്ന മുരളി എന്ന കവിത വികസിപ്പിച്ച് ചങ്ങമ്പുഴ എഴുതിയതാണ്.
- തുഷാരഹാരം നവസൗരഭം ഹൃദയസ്മിതം മണിനാദം ഇവ ഇടപ്പള്ളിയുടെ രചനകൾ ആണ്.
- സ്വയം മുറിവേൽപിക്കുന്ന മനസായിരുന്നു ഇടപ്പള്ളിക്ക് .
- ജീവിത ദു:ഖത്തിന്റെ കരയിൽ ഒറ്റക്ക് കുടിലും കെട്ടി പാർത്ത മനുഷ്യനായിരുന്നു.
- മനുഷ്യന്റെ ജനനം സ്വാതന്ത്ര്യത്തിലാണ്. എന്നാൽ ദു:ഖത്തിന്റെ ചങ്ങലകൾ അവനെ ബന്ധിച്ചിരിക്കുന്നു.
- ദു:ഖമാകുന്ന ചങ്ങലയെ മരണത്തിലൂടെ മാത്രമേ പൊട്ടിച്ചെറിയാൻ കഴിയൂ.

- കവിയുടെ ജീവിത ശ്വാസം തന്നെ മരണാഭിമുഖ്യമാണ്.
- ഈ ലേഖനത്തിൽ രാജലക്ഷ്മിയുടെ മരണത്തേയും ലേഖകൻ സൂചിപ്പിക്കുന്നുണ്ട്.
- ഒരു സ്ത്രീയുടെ ദൗർബല്യവും പ്രതിഭയും ഏറ്റുമുട്ടിയപ്പോൾ ആണ് രാജലക്ഷ്മി ആത്മഹത്യ ചെയ്തത്.
- കെ പി അപ്പന്റെ കണ്ടെത്തലുകളാണ് ഇതെല്ലാം
- ആദ്യ കാൽപനിക വാദിയായ റൂസോ" ഞാനൊറ്റക്കാണ് എനിക്ക് കൂടപ്പിറപ്പുകളില്ല മിത്രങ്ങളില്ല അയൽക്കാരില്ല സമൂഹമില്ല" എന്നൊക്കെ പറഞ്ഞിരുന്നു.
- ബദലയർ, യൂഗോ തുടങ്ങിയവരെല്ലാം മരണത്തിന്റെ സൗന്ദര്യമാണ് തന്റെ ആവശ്യം എന്ന് നിരന്തം പറഞ്ഞു കൊണ്ടിരുന്നു.
- പ്രണയ വഞ്ചനയുടെ ഒരു വാക്ക് പോലും ഇടപ്പള്ളി എവിടെയും കുറിച്ചിട്ടിട്ടില്ല എന്നും അതൊരു നിമിത്തം മാത്രമാണെന്നും കെ പി അപ്പൻ പറയുന്നു.

……………………………………………………………………………………

……………………………………………………………………………………

CPA COLLEGE OF GLOBAL STUDIES

## 11.സ്ത്രീയില്ലാത്ത മാതൃഭൂമി

### കല്പറ്റ നാരായണൻ

- കവിതയുടെ ജീവചരിത്രം എന്ന വിമർശന കൃതിയിലെ ഒരു ലേഖനമാണ് ഇത്.
- എന്താണ് കവിത എന്തിനാണ് കവിത കവിതക്ക് ഭാഷ സംസ്ക്കാരം ഇവയിൽ എന്ത് സ്വാധീനമാണ് ഉള്ളത് തുടങ്ങിയ ചോദ്യങ്ങൾക്കുള്ള മറുപടിയാണ് ഈ ലേഖനം.
- മലയാളത്തിലെ കാവ്യപാരമ്പര്യത്തിന്റെ കവികളെ കോർത്തിണക്കിയാണ് ഇതിലെ അവതരണം.



- സ്ത്രീയില്ലാത്ത മാതൃഭൂമി എന്നതിൽ ആദ്യം ചോദ്യമാണ് ഉള്ളത്.
- മലയാളി സ്ത്രീ എന്തുകൊണ്ട് സുഗന്ധദ്രവ്യങ്ങൾ പൂശി പട്ടുവസ്ത്രം ആഭരണം അണിഞ്ഞ് പുറത്തിറങ്ങുന്നു?
- അദൃശ്യയാണ് എന്ന തോന്നൽ സ്ത്രീയുടെ ഉള്ളിൽ ഉണ്ട്. അതിനാൽ ദൃശ്യയാകാൻ അവൾ ശ്രമിക്കും.
- വീടിന്റെ അകത്തളങ്ങളിൽ അദൃശ്യയാക്കപ്പെട്ട സ്ത്രീ സർവാഭരണ വിഭൂഷിതയായി പുറത്തിറങ്ങാൻ കൊതിക്കും.
- പ്രശസ്തയായ കവയിത്രി ബാലാമണിയമ്മയെ ഉന്നത സ്ഥാനത്ത് പ്രതിഷ്ഠിക്കുക എന്ന ലക്ഷ്യം ലേഖകന് ഉണ്ട്.
- സ്ത്രീയെ കാണാത്തതാണ് പുരുഷൻ ചെയ്ത മഹാപാപം എന്ന് മുറിയേൽ റുക്കെയ്സ പറയുന്നു.
- സോഫോക്ലിസിന്റെ ഈഡിപ്പസിന്റെ കഥ അതിന് വേണ്ടി ഉപയോഗിച്ചിട്ടുണ്ട്.

- അച്ഛനെ വധിച്ച് അമ്മയെ വിവാഹം കഴിച്ച ഈഡിസ് സത്യം തിരിച്ചറിഞ്ഞ് കണ്ണുകൾ കുത്തിപ്പൊട്ടിച്ചു.
- അന്ധനായ അയാൾ തെരുവിൽ അലയുമ്പോൾ സ്ഫിംഗ്സിനെ കാണുന്നു.
- അവിടന്ന് കിട്ടിയ ഉത്തരത്തിൽ MAN എന്നതിൽ സ്ത്രീ ഉൾപ്പെടാത്തതിനാൽ അത് സ്വീകാര്യമിയില്ല.
- സ്ത്രീയെ വെറും ശരീരം മാത്രമായാണ് ഈഡിപസ്മാരായ പുരുഷ വർഗം കാണുന്നത് എന്ന് ലേഖകൻ പറഞ്ഞു.
- ഫ്രോയിഡ് ഒരു ഈഡിപസ് തന്നെ എന്നും പറഞ്ഞു.
- കേരളത്തിലെ ഓരോ പുരുഷനും പരശു രാമന്റെ ശാപം ഏറ്റ് വാങ്ങിയവരാണ്.
- പാതിവ്രത്യത്തിന്റെ പ്രതീകമായിരുന്ന രേണുക ഒരു ദിവസം ഗന്ധർവൻമാർ നീരാടുന്നത് നോക്കി നിന്നു.
- ഭർത്താവായ ജമദഗ്നി മഹർഷി വിവരമറിയുകയും ഭാര്യ തെറ്റ് ചെയ്തു അതിനാൽ  മക്കളോട്ട് അമ്മയെ വധിക്കാൻ പറയുകയും ഉണ്ടായി.
- നാല് മക്കളും അതിൽ നിന്ന് പിൻമാറി .അഞ്ചാമത്തെ മകനായ പരശുരാമൻ പിതാവിന്റെ ആജ്ഞ  അനുസരിച്ചു.
- സന്തോഷവാനായ മഹർഷി മകനോട് വരം ചോദിക്കാൻ പറഞ്ഞു.
- തന്റെ അമ്മ എന്നും അച്ഛന്റെ മനസിൽ പതിവ്രതയായിരിക്കണം എന്നാണ് വരമായി ആവശ്യപ്പെട്ടത്.
- പാപഭാരത്താൽ മഴു കടലിലേക്ക് എറിഞ്ഞു.
- അങ്ങനെ പച്ച നാക്കിലപോലുള്ള കേരളം ഉണ്ടായി എന്ന ഐതിഹ്യം കവയിത്രി മഴുവിന്റെ കഥ എന്ന കവിതയിൽ പറയുന്നുണ്ട്.
- സ്ത്രീക്ക് അവളുടെ ആഗ്രഹങ്ങളെ പ്രകടിപ്പിക്കാനുള്ള അവസരം പോലും ഇല്ല.
- മകളായ മാധവിക്കുട്ടി അതിൽ നിന്ന് വ്യത്യസ്തയാണ് എന്ന് ബാലാമണിയമ്മ പറയുന്നു.
- മലയാളത്തിലെ നിരൂപകരായ പരശുരാമൻമാർ ബാലാമണിയമ്മയെ നിശബ്ദയും ദീനയുമാക്കി എന്നാണ് കൽപറ്റയുടെ മറ്റൊരു നിരീക്ഷണം.

- പ്രശസ്തരായ കവികൾക്ക് ഒപ്പം നിൽക്കാൻ അവരുടെ കവിതകൾക്ക് കഴിയുമായിരുന്നു.
- മലയാള പുരുഷ കാവ്യലോകം അതിനെ താഴെ നിർത്തി എന്നും പറയാം.




- ദരിദ്ര കേരളത്തെ നേർക്കാഴ്ചയായി ബാലാമണിയമ്മ കവിതയിൽ വിവരിച്ചു.
- അങ്ങനെ മാതൃത്വത്തിന്റെ സ്ത്രീത്വത്തിന്റെ മകുടമായി അവർ മാറി.
- അവരെ താഴ്ത്തിക്കെട്ടിയ പുരുഷ കവികൾ  അവക്കുള്ള ഒരു പ്രായശ്ചിത്തം ആണ് ഈ ലേഖനം.
- ക്ഷമ ചോദിക്കുകയാണ് ഇവിടെ കൽപറ്റ എന്ന് പറയാം.
- കളങ്കമറ്റ കൈ എന്ന കവിതയിൽ ബാലാമണിയമ്മ പറയുന്നുണ്ട്.
- തൊട്ടിലാട്ടുന്ന അമ്മയുടെ കൈ തട്ടി മാറ്റുന്ന മകനെ പറ്റി.
- അതും ഇവിടെ ചേർത്ത് വായിക്കാവുന്നതാണ്.
- തട്ടിമാറ്റപ്പെട്ടവൾക്ക് ശപിക്കാനും കൽപിക്കാനും അധികാരം ഇല്ല.
- അതുകൊണ്ട് കവിത എന്നും വളരുന്ന ഒരു ഊർജ്ജസ്വലതയാകണം.

……………………………………………………………………………………


……………………………………………………………………………………

## 12.എഴുത്തും അധികാരവും

## ഡോ.പി കെ രാജശേഖരൻ

- അന്ധനായ ദൈവം പുസ്തകത്തിലെ ആ മുഖമാണ് ഈ ലേഖനം .
- മലയാള നോവൽ നൂറ് വർഷം പിന്നിട്ടപ്പോൾ ഉണ്ടായ മാറ്റങ്ങൾ സംഭാവനകൾ എന്തെല്ലാം എന്ന് ചർച്ച ചെയ്യുകയാണ് ഇവിടെ.
- കേരളത്തിൽ പുതിയ ഒരു ആഖ്യാനമായിരുന്നു നോവൽ എഴുത്ത്.
- മലയാളത്തിൽ എത്തിയിട്ട് വളരെ കുറഞ്ഞ കാലം മാത്രമേ ആയിട്ടുള്ളൂ.
- 1889-ൽ ഒ ചന്തുമേനോൻ എഴുതിയ ഇന്ദുലേഖ ലക്ഷണമൊത്ത നോവൽ ആയി നാം കരുതുന്നുണ്ട്.
- അതിന് മുമ്പ് ചില നോവലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും ലക്ഷണമൊത്തതായി ഇന്ദുലേഖ മാറി.
- സി വി രാമൻ പിള്ളയുടെ ചരിത്ര ആഖ്യായികകൾ ആയ ധർമ്മരാജ, മാർത്താണ്ഡവർമ്മ , രാജരാജ ബഹദൂർ ഇവ ഉണ്ടായി.
- 1920 വരെ നൂറോളം നോവലുകൾ മാത്രമേ ഇറങ്ങിയുള്ളൂ.
- 1920 മുതൽ 1940 വരെ നാനൂറോളം നോവലുകൾ ഉണ്ടായി.
- നാല്പത് കൾക്ക് ശേഷമാണ് കൂടുതൽ നോവലുകൾ ഉണ്ടായത്.
- ഏതാണ്ട് 130 വർഷത്തോളം പഴക്കമുള്ള ഒരു സാഹിത്യ ശാഖ.
- നാടകം കാവ്യം ഇവയുടെ പാരമ്പര്യം ക്രിസ്തുവിന് മുമ്പുള്ള കാലത്ത് തന്നെ ഉണ്ടായിട്ടുണ്ട്.
- നോവൽ സാഹിത്യ ശാഖയുടെ മാനങ്ങൾ വളരെ വലുതാണ്.
- പതിനെട്ടാം നൂറ്റാണ്ടോടെ ഇന്ത്യയിൽ എത്തിയ നോവൽ സാഹിത്യ ശാഖ.
- 1601 ൽ ആണ് ആധുനിക നോവൽ ഉണ്ടാകുന്നത്. 1700 കളിൽ അത് വ്യാപിച്ചു.
- പാശ്ചാത്യസാഹിത്യരൂപത്തിൽ വളരെ ചെറുപ്പമാണ് നോവലിന് .
- നാടകം കവിത ഇവക്ക് സഹസ്രാബ്ദങ്ങളുടെ ചരിത്രം ഉണ്ട്.

- നോവൽ എങ്ങനെ അധികാരത്തെ പ്രതിരോധിക്കുമെന്ന ചിന്തയാണ് ഇവിടെ.
- നോവൽ എന്ന പദത്തിന്റെ അർത്ഥം പുതുമ എന്നാണ്.
- ആഖ്യാനത്തിലും അവതരണത്തിലും പുതുമ നിലനിർത്തിയുള്ള ഗദ്യ രീതിയാണ് നോവലിൽ ഉള്ളത്.



- എല്ലാ പരിണാമങ്ങളിലൂടെയും കടന്നുപോയ മലയാളത്തിന്റെ അനുഭവങ്ങളാണ് നോവലിന് വിഷയമായത്.
- ആധുനികതയുടെ വരവ് നോവൽ സാഹിത്യത്തെ വളർത്തി.
- വിദ്യാഭ്യാസത്തിന്റെ സാധ്യതകളും കേരളീയ നോവൽ സാഹിത്യ വളർച്ചക്ക് കാരണമായി.
- പാശ്ചാത്യരിൽ നിന്നാണ് നോവൽ ഘടന ഉണ്ടായത്.
- ജാത്യാധികാരം ജൻമിത്തം കോളനി ഭരണം തുടങ്ങിയവ എല്ലാം നോവലിനെ സ്വാധീനിച്ചു.
- ആദ്യമൊക്കെ നോവൽ വരേണ്യ വിഭാഗത്തിലുള്ളവരുടെ ജീവിതവും ചിന്തകളും ആണ് അവതരിപ്പിച്ചത്.
- ഉദാഹരണമായി ഇന്ദുലേഖ തന്നെ എടുക്കാം.
- 1940 കളോട് കൂടി ചില മാറ്റം ഉണ്ടായി.
- ബഷീർ തകഴി കേശവദേവ് തുടങ്ങിയവരുടെ കൃതികൾ അധികാര വിമർശനമായി കടന്നുവന്നു.
- ഇന്ദുലേഖയിൽ ഈ ആശയം ഉണ്ട്. 18 വയസ്സുള്ള ഇന്ദുലേഖ ഇംഗ്ലീഷ് പഠിക്കുന്നത് ഭർത്താവിനെ സ്വയം കണ്ടെത്തുകയും ചെയ്യുന്നത്.

- വരേണ്യവും സംസ്കൃതജന്യവുമായ വ്യവഹാരത്തിന് പകരം സാധാരണക്കാരന്റെ ഭാഷയിലേക്ക് വഴിമാറുകയാണ്.
- തുടർന്നുള്ള നോവലിൽ കഥാപാത്രങ്ങൾ അടുക്കള ഭാഷ സംസാരിച്ചു.
- വരേണ്യഭാഷക്ക് എതിരായി നാടൻ ഭാഷാരീതി കൊണ്ടുവന്നു.
- കൊളോണിയൽ ആഭിമുഖ്യം ഉണ്ടെങ്കിൽ അവർ നിലനിൽക്കുന്ന അധികാര വ്യവസ്ഥയോട് ചന്തുമേനോൻ കലഹിക്കുന്നുണ്ട്.
- ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം വൈരുധ്യങ്ങളുടെതായ ഒരു അവതരണമായിരുന്നു.
- സിവിയും ചന്തുമേനോനും നോവൽ സാഹിത്യത്തിന് നൽകിയ സംഭാവനകൾ വളരെ വലുതാണ്.
- അവർ പാരമ്പര്യത്തിൽ അടിയുറച്ച് ആധുനികതയെ സ്വീകരിച്ച് കൊളോണിയലിസം നിർമ്മിച്ച ചരിത്ര മാതൃകക്ക് വിരുദ്ധമായ ബോധം ഉണ്ടാക്കി.
- നവീനമായ ദേശീയ സങ്കൽപം അവതരിപ്പിക്കാൻ ഇരുവരും ശ്രമിച്ചിട്ടുണ്ട്.
- പിതൃമേധാവിത്തം, രാജനീതികൾ ജൻമിത്തം മതം തുടങ്ങിയ കാര്യങ്ങളിൽ നോവൽ ഇടപെട്ടു.
- ഭാവനയാണ് ഇവരുടെ റിപബ്ലിക് .
- ആഖ്യാനതന്ത്രമാണ് നോവലിസ്റ്റിന്റെ പ്രതിരോധ തന്ത്രം.
- ഏകശിലാത്മകമല്ല നോവൽ എന്നത് മറ്റൊരു പ്രത്യേകതയാണ്.
- ബഹുഭാഷണമാണ് നോവിന്റെ സ്വഭാവം.
- റഷ്യൻ ചിന്തകനായ മിഖായേൽ ബർത്ത് ഈ ആശയത്തെ പിന്തുണച്ചു.
- എല്ലാ നിയന്ത്രണത്തെയും എതിർത്തുകൊണ്ട് മുന്നേറാൻ കഴിയുന്ന ഒന്നായി നോവൽ നിലനിൽക്കുന്നു.

……………………………………………………………………………………….

………………………………………………………………………………………